"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ്, ശ്രീ. ശ്രീകണ്ഠൻ എസ്.എസ്. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 502/2018 നമ്പർ കേസിലെ 25/10/2019 ലെ അന്തിമ ഉത്തരവ്, OP(KAT) 305/2024 നമ്പർ അപ്പീൽ കേസിലെ 14/10/2024 ലെ വിധിന്യായം എന്നിവ പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.1100/2024/AGRI തീയതി,തിരുവനന്തപുരം, 24-11-2024

---

പരാമർശം:-

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/04/2008 ലെ എസ്.ഇ.(3) 6029/2008 നമ്പർ ഉത്തരവ്

2 കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/05/2014 ലെ എസ്.ഇ.(1) 8152/2013 നമ്പർ ഉത്തരവ്

3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21/04/2015 ലെ എസ്.ഇ.(1) 8152/2013 നമ്പർ കത്ത്.

4 ശ്രീ. ശ്രീകണ്ഠൻ എസ്.എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 139/2017 നമ്പർ കേസിലെ 24.01.2017 -ലെ ഉത്തരവ്

5. സ.ഉ. (സാധാ) നമ്പർ 768/2017/കൃഷി തീയതി 01.08.2017 (അനക്സർ A15)

6. ശ്രീ. ശ്രീകണ്ഠൻ എസ്.എസ്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA. 502/2018 നമ്പർ കേസിലെ 25.10.2019 ലെ ഉത്തരവ്

7. ശ്രീ.ശ്രീകണ്ഠൻ.എസ്.എസ്.ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്തിട്ടുള്ള CP 117/2024 നമ്പർ Contempt കേസ്

8. OP(KAT) 305/2024 നമ്പർ അപ്പീൽ കേസിലെ 14.10.2024 ലെ വിധിന്യായം

9. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ **16.11.2024** ലെ **ADFW/9628/2024-SE1**നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ തിരുവനന്തപുരം ജില്ലയിലെ പെരിങ്ങമല ജില്ലാ കൃഷിഫാമിൽ കൃഷി അസിസ്റ്റന്റായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.ശ്രീകണ്ഠൻ എസ്.എസ്. **02.01.2008** മുതൽ **18/02/2013** വരെ അനധികൃതമായി ജോലിക്ക് ഹാജരാവുകയുണ്ടായില്ലെന്നും **01.02.2008** മുതൽ **20.7.2008** വരെ വിവിധ കാലയളവുകളിൽ ടിയാൻ അവധിക്ക് അപേക്ഷിച്ചിരുന്നെങ്കിലും അവ നിർദ്ദിഷ്ട ഫാറത്തിലായിരുന്നില്ലെന്നും അനധികൃത ഹാജരില്ലായ്മയിലായിരുന്ന ടിയാനെ കൃഷി ഡയറക്ടറുടെ **പരാമർശം (1)** ഉത്തരവ് പ്രകാരം ആലപ്പുഴ, തണ്ണീർമുക്കം കൃഷിഭവനിലേക്ക് സ്ഥലംമാറ്റിയെങ്കിലും ടിയാൻ ജോലിയിൽ പ്രവേശിക്കുകയുണ്ടായില്ലെന്നും, മാനസിക പ്രശ്നങ്ങളാൽ ചികിത്സയിലായിരുന്നതിനാൽ ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ല എന്ന് അപേക്ഷിച്ചു കൊണ്ട് **19.02.2013-** ൽ കൃഷി ഡയറക്ടർ മുമ്പാകെ ഹാജരായി **02.01.2008** മുതൽ **18.2.2013** വരെയുള്ള ശൂന്യവേതനാവധി അപേക്ഷയും മെഡിക്കൽ സർട്ടിഫിക്കറ്റും, ഫിറ്റ്നസ് സർട്ടിഫിക്കറ്റും സഹിതം സമർപ്പിക്കുകയും, എന്നാൽ അവധി അപേക്ഷ ആവശ്യമായ ശിപാർശ സഹിതം മടക്കിത്തരുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ആഫീസർക്ക് നൽകിയിരുന്നതായും മേലിൽ അനുവാദം കൂടാതെ ജോലിയിൽ നിന്നും വിട്ടുനിൽക്കില്ലെന്ന് ഉറപ്പു നൽകിയതിന്റെ അടിസ്ഥാനത്തിൽ ടിയാന് നിയമനം നൽകുന്നതിന് തീരുമാനിച്ചെങ്കിലും പാർലമെന്റ് തെരഞ്ഞെടുപ്പ് ചട്ടം നിലവിൽ ഉണ്ടായിരുന്നതിനാൽ **പരാമർശം (2)** ഉത്തരവ് പ്രകാരം ടിയാനെ തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അലോട്ട് ചെയ്തുവെന്നും, അതനുസരിച്ച് **22.7.2014-** ൽ ടിയാന് മാണിക്കൽ കൃഷി ഭവനിൽ നിയമനം നൽകുകയും ടിയാൻ **22.07.2014** തീയതിയിൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തുവെന്നും മാനസിക രോഗത്തിന് ചികിത്സയിലായിരുന്നു എന്നത് കണക്കിലെടുത്ത് ടിയാൻ അവധിയിലായിരുന്ന **02.01.2008** മുതൽ **18.02.2013** വരെയുള്ള കാലം ശൂന്യവേതനാവധി അനുവദിക്കുന്നതിനും **19.02.2013** മുതൽ **21.07.2014** വരെ നിയമനത്തിനായി കാത്തിരുന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിനും അപേക്ഷയും അനുബന്ധ രേഖകളും സഹിതം **പരാമർശം (3)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിൽ അപേക്ഷിക്കുകയുണ്ടായി.

**2.** ശ്രീ. ശ്രീകണ്ഠൻ എസ്.എസ്. അനധികൃത ഹാജരില്ലായ്മയിൽ നിന്ന് ഡ്യൂട്ടിക്ക് ഹാജരായതിനാൽ **19.02.2013** മുതൽ **21.07.2014** വരെ നിയമനത്തിനായി കാത്തു നിന്ന കാലയളവ് **KSR Part I, Rule 12(7)**-ന് താഴെയുള്ള കുറിപ്പ് **4** പ്രകാരം ഡ്യൂട്ടിയായി ക്രമീകരിക്കാനാകില്ലെന്നും, ടി കാലയളവ് അർഹതപ്പെട്ട മറ്റ്

അവധികളായോ ശൂന്യവേതനാവധിയായോ ക്രമീകരിക്കാവുന്നതാണെന്നും ശൂന്യവേതനാവധിയാണെങ്കിൽ **GO(P)No 535/03/Fin** പ്രകാരം **02.01.2008** മുതൽ **21.07.2014** വരെയുള്ള പുതുക്കിയ അവധി അപേക്ഷ ലഭ്യമാക്കി സമർപ്പിക്കാൻ കൃഷി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിനെതിരെ ശ്രീ. ശ്രീകണ്ഠൻ എസ്.എസ്. ബഹു, **KAT** മുമ്പാകെ ഫയൽ ചെയ്ത **OA 139/2017** നമ്പർ കേസിലെ **പരാമർശം (4)** ഉത്തരവ് പ്രകാരം കക്ഷി സമർപ്പിച്ച അപേക്ഷയിന്മേൽ നിയമപരമായ തീരുമാനമെടുക്കണമെന്ന് ഉത്തരവായിരുന്നു.

**3.** മെഡിക്കൽ സർട്ടിഫിക്കറ്റിൻമേൽ ശൂന്യവേതനാവധിക്ക് അപേക്ഷിക്കുന്നവർ കൃത്യസമയത്ത് അവധി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ അനധികൃത ഹാജരില്ലായ്മയെതുടർന്ന് ശ്രീ. ശ്രീകണ്ഠൻ എസ്.എസ് അവധി അപേക്ഷയോ, മെഡിക്കൽ സർട്ടിഫിക്കറ്റോ കൃത്യസമയത്ത് ഹാജരാക്കിയിരുന്നില്ല. ആയത് ടിയാന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര അച്ചടക്ക ലംഘനവുമാണെന്നതിനാൽ പ്രസ്തുത കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി ക്രമികരിക്കാനാവില്ല എന്നു കണ്ട് കൃഷി അസിസ്റ്റന്റ് ശ്രീ ശ്രീകണ്ഠൻ. എസ്.എസ്-ന്റെ **02.01.2008** മുതൽ **18.02.2013** വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് പെൻഷൻ, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി **KSR Part I Rule 88(iii)** പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധിയായും, ടിയാൻ അനധികൃത ഹാജരില്ലായ്മയിൽ നിന്ന് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്തതിനാൽ **19.02.2013** മുതൽ **21.07.2014** വരെ നിയമനത്തിനായി കാത്തു നിന്ന കാലയളവ് പെൻഷൻ, ഇൻക്രിമെന്റ്, ഹയർഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്ക് പരിഗണിക്കുകയില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി **KSR Part I Rule 88 (iii)** പ്രകാരം ശൂന്യവേതനാവധിയായും ക്രമപ്പെടുത്തി **പരാമർശം (5)** ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**4.** പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. ശ്രീകണ്ഠൻ എസ്.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത **OA No 502/2018** നമ്പർ കേസിന്മേൽ **25/10/2019** ലെ **പരാമർശം (6)** ഉത്തരവിൽ ബഹു. ട്രിബ്യൂണൽ ചുവടെപ്പറയും പ്രകാരം നിരീക്ഷണം രേഖപ്പെടുത്തിയിരുന്നു.

**" Considering that the applicant was suffering from a serious ailment and had to be under treatment for more that 5 years , we are of the view that his prayer for treating the period of absence from 2.1.2008 to 18.2.2013 as LWA on medical grounds deserves to be granted. As regards the period of waiting for the posting, it is clearly provided in Note 4 to Rule 12(7) Part I , KSR that in such cases the period of waiting shall be treated as duty. Since no specific reason is given for long delay in giving posting orders, we find that the applicant is entitled to the relief sought for in this respect also".**

**OA No 502/2018** നമ്പർ കേസിന്മേലുള്ള **25.10.2019** ലെ **പരാമർശം (6)** ഉത്തരവിൽ **Annexure A15** പ്രകാരമുള്ള **പരാമർശം (5)** ഉത്തരവ് റദ്ദാക്കുകയും മേൽ പ്രകാരം അവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ കൃഷി വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയും ഉത്തരവായിരുന്നു.

**5. O.A No.502/2018** നമ്പർ കേസിലെ **25.10.2019** ലെ ഉത്തരവ് പ്രകാരം **പരാമർശം (5)** ഉത്തരവ് ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ അസ്ഥിരപ്പെടുത്തിയിട്ടുള്ളത് നിയമപരമായി പിന്തുണയ്ക്കുന്ന ഒരു കാരണവും രേഖപ്പെടുത്താതെയാണ് എന്ന് കണ്ടതിനാൽ **OA No. 502/18** കേസിന്മേലുള്ള **25.10.2019** -ലെ ഉത്തരവിനെതിരെ സർക്കാർ അപ്പീൽ **OP (KAT)No.305/2024** നമ്പരായി ഫയൽ ചെയ്തിരുന്നു. ടി അപ്പീലിലെ **14/10/2024** തീയതിയിലെ **പരാമർശം (8)** വിധിന്യായത്തിൽ

**" The applicant before the Tribunal, while working as Agricultural Assistant, remained absent for a period of five years (from 02.01.2008 to 18.02.2013). He remained absent due to depressive disorder and was under treatment by a Psychiatrist in the Government Mental Health Centre, Thiruvananthapuram. These facts are remained undisputed. Though he has reported for duty on 19.02.2013, he was given a posting only on 22.07.2014. The dispute in this case is in regard to treating the period after reporting for duty. There is no other dispute in this matter. The Tribunal treated such period as duty in view of Note 4 to Rule 12(7) of Part I KSR. This is challenged before this Court.**

**There is no dispute to the fact that the respondent/applicant has reported for duty on 19.02.2013. If he was not given posting, it cannot be said that he was out of duty. There is considerable delay on the part of the Department in posting him and assigning him with the duties. In the circumstances, the Tribunal passed an order to treat the above period as a part of duty. We find no infirmity with the order passed by the Tribunal.The original petition fails and accordingly, dismissed."**

എന്ന് ഉത്തരവായിരുന്നു.

**6.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. ശ്രീകണ്ഠൻ എസ്.എസ്. അനധികൃത ഹാജരില്ലായ്മയിൽ നിന്ന് ഡ്യൂട്ടിക്ക് ഹാജരായി **19.02.2013** മുതൽ **21.07.2014** വരെ നിയമനത്തിനായി കാത്തു നിന്ന കാലയളവിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഒഴിവു നിലവിലുണ്ടായിരുന്നു എന്ന് **പരാമർശം (9)** പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കൃഷി അസിസ്റ്റന്റ് ആയിരുന്ന ശ്രീ.ശ്രീകണ്ഠൻ എസ്.എസ് അനധികൃത ഹാജരില്ലായ്മയിൽ നിന്ന് ഡ്യൂട്ടിക്ക് ഹാജരായി **19.02.2013** മുതൽ **21.07.2014** വരെ നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചു കൊണ്ടു ഉത്തരവാകുന്നു.

**7.** ശ്രീ. ശ്രീകണ്ഠൻ എസ്.എസ്.-നു അനധികൃത ഹാജരില്ലായ്മയിൽ നിന്ന് ഡ്യൂട്ടിക്ക് ഹാജരായ **19.02.2013** മുതൽ **21.07.2014** യുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതുമൂലം, ടിയാനു സാമ്പത്തിക ആനുകൂല്യങ്ങളായി അനുവദിക്കേണ്ടി വരുന്ന തുക എത്രയാണോ പ്രസ്തുത തുക അനുവദിക്കുന്നതു മൂലം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക നഷ്ടം ആയതിന് കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ഒരു മാസത്തിനുള്ളിൽ ആരംഭിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തി കൊണ്ടു ഉത്തരവാകുന്നു.

**8.** ശ്രീ. ശ്രീകണ്ഠൻ എസ്.എസ് ബഹു. ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **OA No 502/2018** നമ്പർ കേസിലെ **25.10.2019** ലെ ബഹു. ട്രൈബ്യൂണലിന്റെ **പരാമർശം (6)** ഉത്തരവും **OP(KAT) 305/2024** നമ്പർ അപ്പീൽ കേസിലെ **14/10/2024** ലെ **പരാമർശം (8)** വിധിന്യായവും മേൽ പറയും പ്രകാരം പാലിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബാലഗോപാൽ കെ കെ
അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. / എറണാകുളം
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ശ്രീ .ശ്രീകണ്ഠൻ എസ് . എസ് .,കൃഷി അസിസ്റ്റന്റ് (കൃഷി ഡയറക്ടർ മുഖേന)
ധനകാര്യ വകുപ്പ് **(04.11.2024** ലെ **RULES-B3/7/2016-FIN** പ്രകാരം **)**
നിയമ വകുപ്പ് **(07/11/2024** ലെ **OPN-D2/221/2024-LAW** പ്രകാരം **)**
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി )
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(Agri-EA2/81/2018/Agri)**

ഉത്തരവിൻ പ്രകാരം
Signed by
Aswathi S Poonkavanam
Date: 25-11-2024 12:05:45
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്
കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്